# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3004** — **22.02.2016 - ൽ മറുപടിക്ക്**

### കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. കെ. പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) ഉണ്ട്. 18/02/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 399/10/ഉ.വി.വ. നമ്പർ പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതിയ്ക്ക് ബഹു. ചാൻസിലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2015-ലെ സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചുമതലപ്പെടുത്തിയ ആക്ട് 18-ലെ സെക്ഷൻ 4 പ്രകാരം നിയമനങ്ങൾ സംബന്ധിച്ച റൂളുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതുപ്രകാരം തയ്യാറാക്കിയ ചട്ടങ്ങളുടെ കരടിന്മേൽ സർവ്വകലാശാലയുടെ നിർദ്ദേശങ്ങൾ ആരാഞ്ഞിട്ടുണ്ട്. |
| ബി) പ്രസ്തുത സർവ്വകലാശാലയിൽ വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ ; | ബി) കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിലവിൽ വി.എച്ച്.എസ്.ഇ (അഗ്രി.) അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഇല്ല. |
| സി) ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ ; | സി) & ഡി) ബാധകമല്ല. |
| ഡി) വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ യോഗ്യത നിശ്ചയിച്ചിരിക്കുന്ന സർവ്വകലാശാലയിലെ വിവിധ തസ്തികകളിലേക്ക് അഗ്രിക്കൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ (57/2009) നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | |

Sheejma

**സെക്ഷൻ ഓഫീസർ**